**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **1596**

10.02.2020 ൽ മറുപടിയ്ക്ക്

## ജനസംഖ്യാടിസ്ഥാനത്തിൽ വാർഡ് വിഭജനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ഡോ.എം. കെ. മുനീർ :** | | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി ) | |
| (എ) | സംസ്ഥാനത്തെ 78 ഗ്രാമപഞ്ചായത്തുകളിൽ 15000-ൽ താഴെ ജനസംഖ്യ മാത്രമുള്ള ചെറിയ ഗ്രാമപഞ്ചായത്തുകളിലെ നിലവിലുള്ള 13 വാർഡുകൾ നിലനിർത്തുന്നതിന് പകരം ഒരു വാർഡ് കൂടി വർദ്ധിപ്പിക്കേണ്ടതുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | പ്രാദേശിക ഭരണത്തിൽ കൂടുതൽ ജനപ്രതിനിധികൾക്ക് കടന്നു വരുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കാനും അതുവഴി വികസന പ്രക്രിയയിൽ കൂടുതൽ ജനപ്രാതിനിധ്യം ഉറപ്പിക്കുന്നതിനും അതോടൊപ്പം ഭരണഘടന ജനങ്ങൾക്ക് നൽകുന്ന അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമാണ് സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അംഗസംഖ്യ വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നത്. പൊതുവേ ജനസംഖ്യ കുറഞ്ഞ ഗ്രാമപഞ്ചായത്തുകൾ വികസന കാര്യങ്ങളിലും പിന്നോക്കം നിൽക്കുന്നതായി കാണുന്നു. അത്തരം പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളുടെ വികസനത്തിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും അതുവഴി സംസ്ഥാനത്തൊട്ടാകെ ഒരു സംതുലിതമായ വികസനം ആസൂത്രണം ചെയ്യുന്നതിനുമായിട്ടുള്ള ശ്രമങ്ങളുടെ ഭാഗമായിട്ടാണ് സർക്കാർ പുതിയ മാനദണ്ഡം നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | ഒരു വാർഡിലെ പരമാവധി ജനസംഖ്യ 2500 ആയതിനാൽ 35 വാർഡുകളായി പുനഃക്രമീകരിക്കപ്പെടേണ്ട സംസ്ഥാനത്തെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ഗ്രാമപഞ്ചായത്തായ കോഴിക്കോട് ജില്ലയിലെ ഒളവണ്ണയിൽ നിലവിൽ 24 വാർഡുകൾ മാത്രമാണ് രൂപീകരിക്കപ്പെട്ടിട്ടുള്ളതെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ 24-ൽ അധികം വാർഡുകൾ രൂപീകരിക്കേണ്ട 56 ഗ്രാമപഞ്ചായത്തുകൾ സംസ്ഥാനത്തുണ്ടായിരിക്കെ വലിയ ഗ്രാമപഞ്ചായത്തുകൾ വിഭജിക്കപ്പെടാത്തതിലെ അശാസ്ത്രീയത വിലയിരുത്തിയിട്ടുണ്ടോ; | (ബി) | കോഴിക്കോട് ജില്ലയിലെ ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ ജനസാന്ദ്രത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള വലിയ ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് രൂപീകരിക്കുവാൻ കഴിയുന്ന പുതിയ ഗ്രാമ പഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യത പട്ടിക, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിരുന്നത് സർക്കാർ പരിഗണിച്ചിരുന്നു. എന്നാൽ സാമ്പത്തിക ബാധ്യത ഉൾപ്പെടെയുള്ള വിവിധ കാരണങ്ങൾ പരിഗണിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയാണുണ്ടായത്. |
| (സി) | 2011-ലെ സെൻസസ് പ്രകാരം 2015-ൽ പുനഃക്രമീകരിച്ച സംസ്ഥാനത്തെ 24 മുനിസിപ്പാലിറ്റികളിലെയും കണ്ണൂർ കോർപ്പറേഷനിലെയും ബന്ധപ്പെട്ട ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലെയും വാർഡുകൾ അതേ ജനസംഖ്യാ കണക്ക് പ്രകാരം വീണ്ടും പുനഃക്രമീകരിക്കേണ്ടതുണ്ടോ? | (സി) | സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും കുറഞ്ഞ അംഗസംഖ്യയും കൂടിയ അംഗസംഖ്യയും ഒന്നു വീതം വർദ്ധിപ്പിക്കുന്ന ബിൽ പരിഗണനയിലുണ്ട്. പ്രസ്തുത ബിൽ നിയമമാകുകയാണെങ്കിൽ വാർഡുകളുടെ അതിരുകൾ പുനർനിർണയിക്കേണ്ട സാഹചര്യമുണ്ടാകും. |

Pradeeshkumar

**സെക്ഷൻ ഓഫീസർ**